**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*537.** **02.07.2019 ൽ മറുപടിയ്ക്ക്**

**എക്സൈസ് ചെക്ക് പോസ്റ്റുകളുടെ ആധുനികവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.വി.ഡി.സതീശൻ**<br>**,, തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**,, കെ.സി.ജോസഫ്**<br>**,, ഷാഫി പറമ്പിൽ** | | **ശ്രീ.ടി.പി. രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | വിദേശ രാജ്യങ്ങളിൽ നിന്നും അയൽ സംസ്ഥാനങ്ങളിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്ന കഞ്ചാവ് ഉൾപ്പെടെയുള്ള മയക്കുമരുന്ന് ഉല്പന്നങ്ങളുടെ വിപണനം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കളുടെ വ്യാപനവും ഉപഭോഗവും തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും നിയമവിരുദ്ധലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തികൊണ്ടുവരുന്നത് തടയുന്നതിന് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹനപരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. സംസ്ഥാനവുമായി അതിർത്തി പങ്കിടുന്ന തമിഴ്നാട്-കർണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, വനം, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. എന്നീ വിഭാഗങ്ങളുമായി ചേർന്ന് സംയുക്ത പരിശോധനകളും, ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ വാഹന പരിശോധനയും നടത്തുന്നുണ്ട്. കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങളും കേന്ദ്രീകരിച്ച് രഹസ്യനിരീക്ഷണങ്ങൾ നടത്തി മയക്ക് മരുന്നുകളുടെ ഉപഭോഗം, വിൽപ്പന എന്നിവ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകൾ, ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് എന്നിവയും പരിശോധനകൾ നടത്തി വരുന്നു. |
| (ബി) | എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതാണ് | (ബി) | എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതേ അവസരത്തിൽ ചെക്ക് പോസ്റ്റുകളുടെ |

| | | | |
|---|---|---|---|
| | ഇത്രയധികം ലഹരി ഉല്പന്നങ്ങൾ സംസ്ഥാനത്ത് എത്തുന്നതിന് കാരണമെന്ന ആക്ഷേപമുള്ളതിനാൽ മാറുന്ന കാലത്തിന് അനുസൃതമായി ചെക്ക് പോസ്റ്റുകളെ കൂടുതൽ ആധുനികവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഒട്ടേറെ ആധുനികവൽക്കരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള മയക്കുമരുന്ന് കടത്ത് തടയാൻ ചെക്ക് പോസ്റ്റുകളിലെ വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കൂടുതൽ സുതാര്യവും, കാര്യക്ഷമവുമാക്കാൻ 14 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ സി.സി.റ്റി.വി ക്യാമറ സംവിധാനം ഏർപ്പെടുത്തുകയും, പ്രധാനപ്പെട്ട 20 എക്സൈസ് ചെക്ക് പോസ്റ്റുകൾ കമ്പ്യൂട്ടർവത്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. എക്സൈസ് ചെക്ക് പോസ്റ്റുകളിലെ ഉപയോഗത്തിനായി 27 മോട്ടോർ ബൈക്കുകൾ അനുവദിക്കുകയും എല്ലാ ചെക്ക് പോസ്റ്റുകളിലും 1 കെ.വി. ഇൻവർട്ടർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | അന്താരാഷ്ട്ര ബന്ധമുള്ള മയക്കുമരുന്ന് കേസുകളിൽ അന്താരാഷ്ട്ര അന്വേഷണ ഏജൻസികളുടെ സഹകരണം തേടാറുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഉണ്ട്. ആവശ്യമായ ഘട്ടങ്ങളിൽ കേന്ദ്രസർക്കാരിന്റെ നർക്കോട്ടിക് കൺട്രോൾ ബ്യൂറോ, സെൻട്രൽ ഐ.ബി എന്നീ ഏജൻസികളുടെ സഹകരണത്തോടുകൂടിയാണ് കേസന്വേഷണങ്ങൾ നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ